പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.480 27.06.2019 ൽ മറുപടിയ്ക്ക്

സ്കൂളുകളിലെ ഉച്ചഭക്ഷണത്തിനായുള്ള ഭക്ഷ്യധാന്യ വിതരണം

ചോദ്യം

ശ്രീ.പി. ഉണ്ണി
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.എ.എൻ.ഷംസീർ
ശ്രീ.എം.നൗഷാദ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | റെക്കറിംഗ്/ നോൺ റെക്കറിംഗ് വിഭാഗങ്ങളിലായാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നത്. റെക്കറിംഗ് വിഭാഗത്തിൽ ഭക്ഷ്യ ധാന്യത്തിന്റെ വിലയുടെ മുഴുവൻ തുകയും (കിലോഗ്രാമിന് 3 രൂപ നിരക്കിൽ) പൂർണ്ണമായും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്നു. പാചക ചെലവിന്റെയും ഉച്ചഭക്ഷണ പാചകതൊഴിലാളി കൾക്കുള്ള ഓണറേറിയത്തിന്റെയും 60 ശതമാനവും (പാചക ചെലവിനത്തിൽ പ്രൈമറി വിദ്യാർത്ഥികൾക്ക് പ്രതിദിനം 4 രൂപ 35 പൈസ, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് 6 രൂപ 51 പൈസ എന്നീ നിരക്കുകളിലും, പാചകതൊഴിലാളികളുടെ പ്രതിമാസ ഓണറേറിയമായ 1000 രൂപയുടെ 60% എന്ന നിരക്കിലും) ഭക്ഷ്യധാന്യത്തിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ മെട്രിക് ടണ്ണിന് 750 രൂപയും കേന്ദ്ര സർക്കാർ വഹിക്കുന്നു. ഇതിനുപുറമെ, മേൽപ്പറഞ്ഞ കാര്യങ്ങൾക്കുള്ള തുകയുടെ 1.8% മാനേജ്മെന്റ് മോണിറ്ററിംഗ് & ഇവാലേഷൻ പ്രവർത്തനങ്ങൾക്കായും കേന്ദ്ര സർക്കാർ അനുവദിക്കുന്നു.<br>നോൺ റെക്കറിംഗ് വിഭാഗത്തിൽ കിച്ചൻ-കം-സ്റ്റോർ റൂമിന്റെ നിർമ്മാണത്തിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുകയുടെ 60%വും പുതിയ പാചകോപകരണങ്ങൾ വാങ്ങുന്നതിനും പഴയത് മാറ്റി പുതിയത് വാങ്ങുന്നതിനുള്ള ചെലവിന്റെ |

| | | | |
|---|---|---|---|
| | | | 60%വും പാചകപ്പുര-കം-സ്റ്റോർ മുറിയുടെ അറ്റകുറ്റപ്പണികളുടെ (കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച, പത്ത് വർഷത്തിന്മേൽ പഴക്കമുള്ള പാചകപ്പുരകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ 10,000/- രൂപയുടെ 60%) 60% വും കേന്ദ്രം വഹിക്കുന്നു. |
| (സി) | ഈ പദ്ധതിയ്ക്കായി ഭക്ഷ്യധാന്യ ങ്ങൾ എത്തിക്കുന്നതിന് ആരെയാണ് ചുമതലപ്പെട്ടു ത്തിയിരിക്കുന്നതെന്നും ഇതിനായി എന്തെല്ലാം ഭക്ഷ്യധാന്യങ്ങളാണ് നൽകി വരുന്നതെന്നും അറിയിക്കാമോ? | (സി) | ഈ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള ധാന്യം അരി, പയർവർഗ്ഗങ്ങൾ എന്നിവയാണ്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (FCI) യുടെ ഡിപ്പോകളിൽ നിന്നും അരി ലിഫ്റ്റ് ചെയ്യുവാൻ സർക്കാർ സപ്ലൈകോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. അങ്ങനെ ലിഫ്റ്റ് ചെയ്ത അരി സപ്ലൈകോയുടെ വിവിധ ഔട്ട് ലെറ്റുകൾ മുഖാന്തിരം സ്കൂളുകളിൽ കുട്ടികൾക്കായി വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ